**പതിനാലാം കേരള നിയമസഭ**
**പത്തൊൻപതാം സമ്മേളനം**
**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.396**
**03/03/2020 ലെ മറുപടിക്ക്**

## തൊഴിലുറപ്പ് പദ്ധതിയിലെ വേതന കുടിശ്ശിക

| നം.396 | ചോദ്യം<br>ശ്രീ.കെ.ദാസൻ | ഉത്തരം<br>ഡോ. തോമസ് ഐസക്<br>(ബഹു: ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) | തൊഴിലുറപ്പ് പദ്ധതി പ്രകാരം തൊഴിലാളികൾക്ക് നൽകേണ്ട കൂലിയിനത്തിൽ 2020 ജനുവരി വരെ എത്ര കോടി രൂപ കേന്ദ്രം കുടിശ്ശികയാക്കിയിട്ടുണ്ട്; ഏത് മാസം മുതലാണ് വേതനം കുടിശ്ശികയായിട്ടുള്ളത്; അറിയിക്കാമോ; | മഹാത്മാഗന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം തൊഴിലാളികളുടെ വേതനയിനത്തിൽ 12.07.2019 മുതൽ 07.01.2020 വരെ 1048.51 കോടി രൂപ കുടിശ്ശികയുണ്ടായിരുന്നു. 07.01.2020 ന് 295.32 കോടി രൂപ കേന്ദ്രസർക്കാർ അനുവദിച്ചു. ഇത് 12.07.2019 മുതൽ 16.09.2019 വരെയുള്ള കുടിശ്ശിക നൽകാൻ കഴിഞ്ഞു. തുടർന്ന് ജനുവരി 30 വരെയുള്ള വേതന കുടിശ്ശിക 920 കോടി രൂപയായിരുന്നു. 28.01.2020 ന് 832.38 കോടി രൂപ അനുവദിച്ചു. ടി തുക 19.01.2020 വരെയുള്ള കുടിശ്ശിക തീർക്കാൻ കഴിഞ്ഞു. 31.01.2020 ലെ കുടിശ്ശിക 97 കോടിരൂപയായിരുന്നു. ഫെബ്രുവരി മാസത്തിൽ 150.43 കോടി രൂപ വേതനയിനത്തിൽ അനുവദിച്ചു. 15.02.2020 മുതലാണ് നിലവിൽ വേതനകുടിശ്ശികയുള്ളത്. |
| (ബി) | കുടിശ്ശിക തുക അനുവദിക്കണമെന്ന് കാണിച്ച് സംസ്ഥാനം കേന്ദ്ര സർക്കാരിനെ സമീപിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന് മറുപടി ലഭിച്ചിട്ടുണ്ടോ; മറുപടിയുടെ | 15.07.2019, 18.09.2019, 05.11.2019 എന്നീ തീയതികളിൽ കേന്ദ്രസർക്കാരിനോട് ഫണ്ട് ആവശ്യപ്പെട്ടുകൊണ്ട് പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. ആയിതിന്റെ അടിസ്ഥാനത്തിൽ |

| | | |
|---|---|---|
| | ഉള്ളടക്കം വിശദമാക്കാമോ? | 07.01.2020 ന് 295.32 കോടി രൂപയും 28.01.2020 ന് 832.38 കോടി രൂപയും 03.02.2020 ന് 62.72 കോടി രൂപയും 11.02.2020 ന് 87.71 കോടി രൂപയും അനുവദിച്ചിരുന്നു. |

**സെക്ഷൻ ഓഫീസർ**